9037
21/5/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- കാഞ്ഞിരംപുഴ ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.നം.3/2011 കേസുമായി ബന്ധപ്പെട്ട് സസ്പെൻഷനിൽ കഴിയുന്ന ശ്രീ. റോയ് തോമസ്, ലോവർ ഡിവിഷൻ ക്ലാർക്ക് ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 2317/17 നമ്പർ കേസിലെ 01.11.2017 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./180/2018/വനം തീയതി, തിരുവനന്തപുരം, 20/04/2018

---

പരാമർശം:- (1) 17.10.2011 ലെ ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & കസ്റ്റോഡിയൻ ഓഫ് വെസ്റ്റഡ് ഫോറസ്റ്റിന്റെ എം.12137/2011 നമ്പർ ഉത്തരവ്

(2) 07.10.2014 ലെ കോഴിക്കോട് റീജിയണൽ നോർത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ഇ-1615/13 നമ്പർ ഉത്തരവ്

(3) 14.02.2015 തീയതിയായി ശ്രീ.റോയ് തോമസ് സമർപ്പിച്ച റിവ്യൂ ഹർജി

(4) 20.08.2015 ലെ 3559/എ1/2015/വനം നമ്പർ കത്ത്

(5) ശ്രീ. റോയ് തോമസ്, ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 2317/17 നമ്പർ കേസിലെ 01.11.2017 ലെ വിധിന്യായം

(6) 15.12.2017, 08.01.2018, 20.03.2018 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ബി5-14418/17 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

കാഞ്ഞിരംപുഴ ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.നം. 3/2011 കേസിൽപ്പെട്ട ശ്രീ.റോയ് തോമസ്, ലോവർ ഡിവിഷൻ ക്ലാർക്കിനെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ കോഴിക്കോട് നോർത്ത് റീജിയണൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക്

അപ്പീൽ സമർപ്പിച്ചു. കൂടാതെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ.നം.265/13 ഉം ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിലെ 11.07.2014 ലെ ഉത്തരവ് പ്രകാരം അപ്പലേറ്റ് അതോറിറ്റിയോട് അപ്പീലിൽ തീരുമാനമെടുക്കുന്നതിന് ഉത്തരവായി. എന്നാൽ ടിയാനെതിരെയുള്ള ക്രൈം കേസിൽ അന്വേഷണ റിപ്പോർട്ട് കോടതിയിൽ ഫയൽ ചെയ്തിരിക്കുകയാണെന്നും ടിയാന്റെ അപ്പീൽ പരിഗണിക്കേണ്ടതായ സാഹചര്യം ഇല്ലാത്തതിനാലും അപ്പീൽ പരാമർശം (2) പ്രകാരം നിരസിച്ചു.

2) തുടർന്ന് ശ്രീ.റോയ് തോമസ്, സർക്കാരിൽ പരാമർശം (3) പ്രകാരം റിവ്യൂ പെറ്റീഷൻ സമർപ്പിച്ചു. ടി റിവ്യൂ ഹർജിയിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയ അഭിപ്രായം പരിശോധിക്കുകയും ടിയാനോട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ് വാർഡൻ) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം നിർദ്ദേശിക്കുകയുമുണ്ടായി.

3) ശ്രീ.റോയ് തോമസ്, ടിയാനെ സസ്പെൻഡ് ചെയ്ത് 6 വർഷം കഴിഞ്ഞിട്ടും സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാത്തതിനാൽ ഫയൽ ചെയ്ത ഒ.എ.(ഇകെഎം) നം.2317/2017 ലെ പരാമർശം ( 5 ) പ്രകാരമുള്ള വിധിന്യായം അനുസരിച്ച് ടിയാനെ സസ്പെൻഡ് ചെയ്ത ഉത്തരവിനെതിരെ സമർപ്പിച്ചിട്ടുള്ള പരാമർശം (4) പ്രകാരമുള്ള റിവ്യൂ പെറ്റീഷൻ, Ajay Kumar Choudhary v. Union of India through it Secretary and Another, 2015(7) SCC 291 കേസിലെ സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് തീരുമാനമെടുക്കുന്നതിന് ഉത്തരവായി.

4) ശ്രീ. റോയ് തോമസ്, സർക്കാർ നിർദ്ദേശ പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ് വാർഡൻ) & ചീഫ് വൈൽഡ് ലൈഫ് വാർഡന് റിവ്യൂ ഹർജി സമർപ്പിച്ചിട്ടില്ലായെന്നും, ടിയാൻ ഉൾപ്പെട്ട O.R. 03/11 നമ്പർ കേസ് അന്വേഷണം പൂർത്തിയാക്കി മഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി II-ൽ നൽകിയത് അംഗീകരിച്ച് 31/2013 നമ്പരായി കോടതിയിൽ വാദം നടന്നുവരികയാണെന്നും Kerala Forest Act സെക്ഷൻ 27(1)(e)(iv) wildlife Protection Act 2(16)(a)(b) 950(8)(9)51 and 52 എന്നിവ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ അജയകുമാർ ചൗധരി V യൂണിയൻ ഓഫ് ഇൻഡ്യ കേസ് ടിയാന്റെ കാര്യത്തിൽ ബാധകമല്ലെന്നും, പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ശ്രീ.റോയ് തോമസിന് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലായെന്നും അറിയിച്ചു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അജയകുമാർ ചൗധരി കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ.റോയ് തോമസിന്റെ പരാമർ ശം (3) പ്രകാരമുള്ള റിവ്യൂ പെറ്റീഷൻ പരിഗണിച്ച്, വിചാരണ നടന്നുകൊണ്ടിരിക്കുന്ന ഒ.ആർ. കേസിന്റെ അന്തിമവിധിക്ക് വിധേയമായി, സസ്പെൻഷൻ റദ്ദാക്കി ടിയാനെ സർവ്വീസിലേക്ക് തിരിച്ചെടുത്തുകൊണ്ട്, ഒ.എ. (ഇകെഎം) 2317/17 നമ്പർ കേസിലെ 01.11.2017 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ
ഓഫ് ഫോറസ്റ്റ്
ശ്രീ.റോയ് തോമസ്, ലോവർ ഡിവിഷൻ ക്ലാർക്ക്
(സസ്പെൻഷനിൽ കഴിയുന്ന) (ഭരണ വിഭാഗം അഡീഷണൽ
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),
കേരള തിരുവനന്തപുരം
വനം വന്യജീവി (എഫ്) വകുപ്പ്
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ